# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3815- 15/03/2017 - ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃതപദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം

**ചോദ്യം** **ഉത്തരം**

**ശ്രീ . മഞ്ഞളാംകുഴി അലി**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| എ. | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം പലപ്പോഴും കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്നതാണ്. വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. ആയതിനാൽ ഫണ്ട് യഥാസമയം കേന്ദ്രസർക്കാരിൽ നിന്ന് വാങ്ങിയെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് പറയാൻ കഴിയുകയില്ല. കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/ കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺ ലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ പി.എഫ്.എം.എസ് ഓൺ ലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഇതുപ്രകാരം പി.എഫ്.എം.എസ് സംവിധാനത്തിലൂടെ |
| സി | പദ്ധതികൾ യഥാസമയം സമർപ്പിക്കാത്തതു കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതയിനത്തിൽ നഷ്ടപ്പെട്ടത്; ഈ നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | |

| | | |
|---|---|---|
| | | കേന്ദ്രപദ്ധതികൾപ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ട്മെന്റുകളും പി.എഫ്.എം.എസിൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. പി.എഫ്.എം.എസ് സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുവാൻ കഴിയും. കൂടാതെ **കേന്ദ്രാവിഷ്കൃത** പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യവകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**